മുനമ്പം അഴീക്കോട് പാലത്തിന്റെ നിർമ്മാണം

229 (3980) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയെ വടക്കൻ ജില്ലകളുമായി ബന്ധിപ്പിക്കുന്ന മുനമ്പം-അഴീക്കോട് പാലത്തിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും എന്നത്തേക്ക് ഭരണാനുമതി നൽകാനാകുമെന്നും വ്യക്തമാക്കാമോ ;

(സി) പാലത്തിന്റെ നിർമ്മാണത്തിന് പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ടോ :

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(ഇ) പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്കും വസ്തുവകകൾക്കും നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി വിശദീകരിക്കാമോ ?

ഉത്തരം

(എ & ബി) അഴീക്കോട് - മുനമ്പം പാലത്തിന്റെ നിർമ്മാണത്തിന് 153 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

(സി) പാരിസ്ഥിതികാനുമതി ലഭിച്ചിട്ടില്ല.

(ഡി) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. സ്ഥലമെടുപ്പിനായി മുനമ്പം ഭാഗത്ത് 4(1) നോട്ടിഫിക്കേഷനും അഴീക്കോട് ഭാഗത്ത് 6(1) നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് പൂർത്തിയായതിനുശേഷം പാരിസ്ഥിതികാനുമതി, പുതുക്കിയ ഭരണാനുമതി എന്നിവ ലഭിച്ചതിനുശേഷം മാത്രമേ പണി ആരംഭിക്കുന്നതിന് കഴിയുകയുള്ളൂ.

(ഇ) സംസ്ഥാന പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിനായി സംസ്ഥാന സർക്കാർ ഒരു R&R പാക്കേജ് അംഗീകരിച്ചിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly